**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2910** **07-10-2025 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പിന്നാക്ക വിഭാഗങ്ങൾക്ക് മതിയായ ഉദ്യോഗ പ്രാതിനിധ്യം ഉണ്ടോയെന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ വകുപ്പുകൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK (e Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു വെബ്പോർട്ടൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ വികസിപ്പിക്കുകയും, സർക്കാർ വകുപ്പുകളിലെയും / സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിശദാംശങ്ങൾ e-CDESK വെബ് പോർട്ടലിൽ രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർക്ക് പരിശീലനം നൽകുകയും ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ പ്രസ്തുത പോർട്ടലിൽ സർക്കാർ വകുപ്പുകളുടെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെയും സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ ചേർത്തുവരികയുമാണ്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ വകുപ്പുകളിലെ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം എത്രയാണെന്ന് കണ്ടെത്തുന്നതിന് വകുപ്പുകൾക്ക് നിർദേശം നല്കിയിരുന്നോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഓരോ വകുപ്പിൽ നിന്നും ലഭിച്ച കണക്കുകൾ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, എന്നിവിടങ്ങളിലെ സ്ഥിരം ജീവനക്കാരുടെ പൂർണ്ണമായ വിവരങ്ങൾ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷന്റെ നിയന്ത്രണത്തിലുള്ള e-CDESK (e Caste Database of Employees in Service Kerala) എന്ന വെബ് പോർട്ടലിൽ അപ് ലോഡ് ചെയ്യുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും 30.10.2024-ലെ No. BCDD.B2/240/2020-BCDD നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | e-CDESK വെബ്പോർട്ടലിൽ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ അപ് ലോഡ് ചെയ്തിട്ടുള്ള 317 സർക്കാർ വകുപ്പുകൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ Caste wise count വകുപ്പ്/ സ്ഥാപന അടിസ്ഥാനത്തിൽ e-CDESK ൽ ശേഖരിച്ച് വരികയാണ്. |
| (സി) | ഇത്തരം വിശദാംശം ഇതുവരെ ലഭ്യമാക്കാത്ത വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ എല്ലാ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, എന്നിവിടങ്ങളിലെ സ്ഥിരം ജീവനക്കാരുടെ പൂർണ്ണമായ വിവരങ്ങൾ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള e-CDESK (e Caste Database of Employees in Service Kerala) എന്ന വെബ് പോർട്ടലിൽ അപ് ലോഡ് ചെയ്യുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും 30.10.2024-ലെ No. BCDD.B2/240/2020-BCDD നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>e-CDESK വെബ്പോർട്ടലിൽ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ അപ് ലോഡ് ചെയ്തിട്ടുള്ള 317 സർക്കാർ വകുപ്പുകൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ Caste wise count വകുപ്പ്/ സ്ഥാപന അടിസ്ഥാനത്തിൽ e-CDESK ൽ ശേഖരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ